# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2118      11/02/2020-ൽ മറുപടിക്ക്

## പാലിയേറ്റീവ് കെയർ ഗ്രിഡ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനിൽ അക്കര | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) |
| എ) | രോഗബാധിതർക്ക് ആശ്വാസവും പരിചരണവും നൽകുന്ന പുതിയ സാന്ത്വനപരിചരണനയം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട് . സാന്ത്വന ചികിത്സാ സംവിധാനം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി കേരള പാലിയേറ്റീവ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. പാലിയേറ്റീവ് ഹോം കെയർ നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിൽ രജിസ്ട്രേഷനും പരിശീലനവും, മെഡിക്കൽ കോളേജുകളിൽ കമ്മ്യൂണിറ്റി മെഡിസിന്റെ ഭാഗമായി വിദഗ്ധ പാലിയേറ്റീവ് പരിചരണ കേന്ദ്രങ്ങൾ, സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിലും പൊതുസമൂഹത്തിനും ചിട്ടയായ പാലിയേറ്റീവ് കെയർ ബോധവത്കരണം, ആയുർവേദ/ ഹോമിയോ ആശുപത്രികളിൽ പാലിയേറ്റീവ് പരിചരണ യൂണിറ്റുകൾ എന്നിവ നടപ്പിലാക്കുന്നതിനു പുറമേ പുനരധിവാസം ആവശ്യമായി വരുന്ന രോഗികൾക്ക് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നതിന് പ്രത്യേക പരിശീലന പദ്ധതിയും പുതിയ സാന്ത്വന പരിചരണ നയം കൊണ്ട് ഉദ്ദേശിക്കുന്നു. |
| ബി) | പാലിയേറ്റീവ് പരിചരണം നൽകുന്നതിന് എല്ലാ സംവിധാനങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ പാലിയേറ്റീവ് കെയർ ഗ്രിഡ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | ബി) | പാലിയേറ്റീവ് പരിചരണം നൽകുന്ന എല്ലാ സംവിധാനങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ പാലിയേറ്റീവ് കെയർ ഗ്രിഡ് സ്ഥാപിക്കുവാൻ പാലിയേറ്റീവ് പരിചരണ നയത്തിൽ ഉദ്ദേശിച്ചിട്ടുണ്ട്. |
| സി) | കെയർ ഹോമുകൾ, പകൽവീടുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് പാലിയേറ്റീവ് കെയറിൽ പരിശീലനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ, അതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | സി) | കെയർ ഹോമുകൾ, പകൽ വീടുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് പാലിയേറ്റീവ് പരിചരണത്തിൽ സൗജന്യ പരിശീലനം നൽകുന്നതിനും പുതിയ പാലിയേറ്റീവ് പരിചരണ നയം കൊണ്ട് ഉദ്ദേശിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ